# അക്കാദമികമാസ്റ്റർ പ്ലാൻ

# 2025 - 26

# ആമുഖം

ഓരോ പ്രായത്തിലും കുട്ടികൾക്ക് ആർജ്ജിക്കാവുന്ന ഏറ്റവും ഉയർന്ന തരത്തിലുള്ള അറിവും കഴിവും നേടാനും, ജനാധിപത്യമൂല്യബോധം ഉളവാക്കാനും ഉള്ള പ്രവർത്തനങ്ങൾ നമ്മുടെ സ്കൂളിലും നടക്കുകയാണ്. പ്രാദേശിക സമൂഹത്തിന്റെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ ആവശ്യങ്ങൾ നേടാൻ പ്രാപ്തമായ തരത്തിൽ വിദ്യാലയംതന്നെ പാഠപുസ്തകമാകണം എന്ന സമീപനത്തോടെ തയ്യാറാക്കിയതാണ് ഈ 'സമഗ്ര ഗുണമേന്മാ വിദ്യാലയവികസന പദ്ധതിരേഖ' (മാസ്റ്റർപ്ലാൻ). സ്ഥാപനത്തിന്റെ വസ്തുനിഷ്ഠ സാഹചര്യങ്ങൾക്കനുസൃതമായി മികവ് ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇവിടെ നടക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന് ലക്ഷ്യം സാർത്ഥകമാക്കുന്നതിന് ചിട്ടയായ പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലൂടെ നമ്മുടെ സ്കൂളിന് കഴിയും എന്ന് വിശ്വസിച്ചുകൊണ്ട്......

# ലക്ഷ്യങ്ങൾ

- കുട്ടിയുടെ കഴിവ് കേവലം വിഷയ പഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കുകവഴി യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുക
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാര യിലെത്തിക്കുക.
- മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽനിന്ന് ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക
- പ്ലാസ്റ്റിക് മുക്ത – കീടനാശിനിമുക്ത-ലഹരിമുക്ത കാമ്പസുകൾ സൃഷ്ടിക്കുക.
- സ്കൂൾ വായനശാലകളും ലബോറട്ടറികളും ആധുനികവത്ക്കരിക്കുക
- സാമൂഹിക രംഗത്തെ ധാരണ, പരിസ്ഥിതിജ്ഞാനം തുടങ്ങിയവ കൈവരിക്കുക.
- പാഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക മാനസിക സാംസ്ക്കാരിക സൗകര്യങ്ങൾ ഒരുക്കുക.
- വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണം അർത്ഥപൂർണ്ണമാക്കുക.
- പഠന വിഷയങ്ങളിൽ ആശയ ദൃഢത ഉണ്ടാക്കുക, കണക്ക്, സയൻസ്, ഐ.ടി. വിഷയങ്ങളിൽ ധാരണയും കഴിവും നേടുക
- ഓരോ കുട്ടിയും ചുരുങ്ങിയത് മൂന്ന് ഭാഷകളിലെങ്കിലും ഭാഷാ ജ്ഞാനവും ആശയവിനിമയ ശേഷിയും നേടുക.

# കാഴ്ചപ്പാട്

ശ്രീനാരായണഗുരുദേവനാൽ സ്ഥാപിതമായ ശിവഗിരി എച്ച്.എസ്.എസ്. ഈ പ്രദേശത്തുള്ള എല്ലാവിഭാഗം ജനങ്ങൾക്കും പ്രാപ്യവും സ്വീകാര്യവുമായി തീരേണ്ടതുണ്ട്. അതിനാൽ ആസൂത്രിതവും സമയബന്ധിതവുമായി ചെയ്തുതീർക്കേണ്ട ധാരാളം പ്രവർത്തനങ്ങൾ വരുംവർഷങ്ങളിൽ നടപ്പിലാക്കുന്നതാണ്. അക്കാദമിക മികവിലൂടെ വിദ്യാലയ മികവ് എന്ന കാഴ്ചപ്പാടാണ് ഈ മാസ്റ്റർപ്ലാനിലൂടെ അവതരിപ്പിക്കുന്നത്. ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ അടക്കം വൈവിധ്യമാർന്ന പഠനാനുഭവങ്ങൾ പ്രയോജനപ്പെടുത്തി അധ്യാപകരെ സജ്ജീകരിക്കുകയും പഠനാന്തരീക്ഷത്തിൽത്തന്നെ ഗുണപരമായ മാറ്റങ്ങളുടെ സാധ്യതകൾ ആരായുകയും ചെയ്യുന്നതായിരിക്കും നമ്മുടെ വിദ്യാലയം. മതനിരപേക്ഷ നിലപാടും ബഹുസ്വരതയെ ഉൾക്കൊള്ളുന്ന മനോഭാവവും സഹിഷ്ണുതയും കൂട്ടായി പ്രവർത്തിക്കാനുള്ള മനോഭാവവുമൊക്കെയാണ് ഇവിടെ വികസിച്ചുവരേണ്ടത്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസത്തിനുവേണ്ട പഠനാന്തരീക്ഷം ഒരുക്കുക എന്ന മഹത്തായ ലക്ഷ്യത്തെ മുൻനിർത്തിയായിരിക്കും ഈ വിദ്യാലയത്തിലെ പ്രവർത്തനങ്ങൾ.

വിദ്യാലയത്തിലെ അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് സബ്ജക്ട് കൗൺസിൽ യോഗങ്ങൾ അക്കാദമിക പ്രശ്നപരിഹരണത്തിനുള്ള ആസൂത്രണവേദിയാക്കുകയും, ഓരോ മാസവും ക്ലാസടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പഠനപ്രശ്നങ്ങളെ വിശകലനം ചെയ്ത് പരിഹരിക്കുന്നതിനുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കുകയും ചെയ്യും. ക്ലാസ് അന്തരീക്ഷം കുട്ടികളുടെ പഠനത്തെളിവുകൾ, റഫറൻസ് ചാർട്ടുകൾ, പതിപ്പുകൾ, പഠനോപകരണങ്ങൾ എന്നിങ്ങനെ അക്കാദമിക ഉണർവ്വിന്റെ തെളിവുകളാൽ സമർത്ഥമാക്കുന്നതായിരിക്കും എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കുംവിധം വൈവിധ്യമുള്ള വായനാനുഭവം ഒരുക്കി വായനയുടെ സംസ്കാരത്തെ പരിപോഷിപ്പിക്കുന്നതോടൊപ്പം വിദ്യാർത്ഥിയുടെ സർഗാത്മക വികാസം ലക്ഷ്യമിട്ട് സർഗ്ഗാത്മക പ്രകടനത്തിന് അവസരമൊരുക്കുകയും ഐ.ടി.അധിഷ്ഠിത പഠനത്തിന് അനുകൂല സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നതായിരിക്കും. വിദ്യാലയത്തെ പരിസ്ഥിതി സൗഹൃദമാക്കുന്നതോടൊപ്പം ജാതിമതചിന്തകൾക്കതീതമായ മാനവിക ബോധവും ഇവിടെ വളർത്തിയെടുക്കുന്നതായിരിക്കും.

# സ്കൂൾ പ്രൊഫോർമ

1) വിദ്യാലയത്തിന്റെ പേര് :: ശിവഗിരി എച്ച്.എസ്.എസ്. ശ്രീനിവാസപുരം

2. ഫോൺ നമ്പർ :: 0470 2603010

3) ഇ–മെയിൽ അഡ്രസ്സ് :: sivagirihss@gmail.com

4) സ്കൂൾ കോഡ് :: 42053

5) ആൺകുട്ടികൾ/പെൺകുട്ടികൾ രണ്ടുംകൂടിയുള്ളത് :: രണ്ടുംകൂടിയുള്ളത്

6) സർക്കാർ/എയ്ഡഡ്/ അൺ എയ്ഡഡ് :: എയ്ഡഡ്

7) ക്ലാസ് (സ്റ്റാൻഡേർഡ്) :: ആരംഭം – 5, അവസാനം – 12

8) സ്കൂൾ നടത്തുന്ന വകുപ്പിന്റെ പേര്:: ജനറൽ

9) വിദ്യാഭ്യാസ ജില്ല :: ആറ്റിങ്ങൽ

10) വിദ്യാഭ്യാസ ഉപജില്ല :: വർക്കല

11) റവന്യൂ ജില്ല :: തിരുവനന്തപുരം

12) സ്കൂൾ സ്ഥാപിച്ച വർഷം :: 1924

13) അസംബ്ലി നിയോജക മണ്ഡലം :: വർക്കല

14) പാർലമെന്റ് നിയോജക മണ്ഡലം :: ആറ്റിങ്ങൽ

15) റൂറൽ/അർബൻ :: അർബൻ

16) പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ :: മുനിസിപ്പാലിറ്റി

# സ്കൂൾ ചരിത്രം

വിദ്യകൊണ്ട് സ്വതന്ത്രരാകുവാൻ ലോകത്തെ ഉദ്ബോധിപ്പിച്ച ശ്രീനാരായണഗുരു ജാതിമതവർഗ്ഗഭേദമന്യേ ഏവർക്കും നിർഭയം വിദ്യ അഭ്യസിക്കുവാൻവേണ്ടി സ്ഥാപിച്ച വിദ്യാലയമാണിത്. 1912-ൽ ഗുരുദേവൻ ശിവഗിരിയിൽ ശാരദ പ്രതിഷ്ഠ നടത്തിയതിനു ശേഷം ചുറ്റിലും കൂടിനിന്നവരോട് ഇനി അടിയന്തിരമായി ഒരു സ്കൂൾ സ്ഥാപിക്കുവാൻ ശ്രമിക്കണമെന്ന് ഉപദേശിച്ചു. ഉടൻതന്നെ അത് ഫലംകണ്ടില്ലെങ്കിലും നാലഞ്ചുകൊല്ലങ്ങൾക്കുശേഷം ശ്രീ.പി.രാമകൃഷ്ണന്റെ ഉത്സാഹംനിമിത്തം ഒരു സ്കൂൾ കമ്മിറ്റി രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചു. ഗുരുദേവന്റെ കല്പന അനുസരിച്ച് കമ്മിറ്റിയുടെ സെക്രട്ടറിയായി ശ്രീ.പി.രാമചന്ദ്രൻതന്നെ നിയുക്തനായി. കമ്മിറ്റിക്കാർ ഗുരുദേവനെ പ്രസിഡന്റായും അവരോധിച്ചു. സ്കൂൾ സ്ഥാപിക്കാൻവേണ്ട പണം സ്വരൂപിക്കാനായി ഒരു രൂപയുടെ അയ്യായിരം കൂപ്പണുകൾ അച്ചടിച്ചു. ആദ്യമായി ഗുരുദേവൻ ഒരു വെള്ളി രൂപ സംഭാവന ചെയ്തു. സെക്രട്ടറിയും മറ്റുള്ളവരും അശ്രാന്തപരിശ്രമം ചെയ്തെങ്കിലും വേണ്ടത്ര പണം സ്വരൂപിക്കാനായില്ല. പിന്നീട് ഗുരുദേവൻ പല സ്ഥലങ്ങളിലും സഞ്ചരിച്ച് പണം സമാഹരിച്ചു.

അക്കാലത്ത് ശിവഗിരിക്കു സമീപം ശ്രീനിവാസപുരത്ത് ശ്രീനിവാസറാവു എന്നൊരു വ്യക്തി ഒരു മിഡിൽ സ്കൂൾ നടത്തിവരുന്നുണ്ടായിരുന്നു. സ്കൂൾ നടത്തിപ്പിൽ അശേഷം താത്പര്യമില്ലാതിരുന്ന റാവു സ്കൂളും അതോടനുബന്ധിച്ചുള്ള അഞ്ചേക്കർ സ്ഥലവും വിൽക്കാൻപോകുന്ന വാർത്ത ഗുരുദേവൻ അറിയുകയും അദ്ദേഹം സ്കൂളും പറമ്പും വിലയ്ക്ക് വാങ്ങി സ്കൂളിന്റെ പ്രവർത്തനം ശിവഗിരി മഠത്തോട് ചേർന്ന നാലുകെട്ടിലേയ്ക്ക് മാറ്റുകയും ചെയ്തു. 1106 ചിങ്ങമാസം 28-ാം തീയതി ഗുരുദേവൻ തന്നെ പുതിയ സ്കൂൾ മന്ദിരത്തിന് തറക്കല്ലിട്ടു. രണ്ട് കൊല്ലംകൊണ്ട് സ്കൂളിന്റെ പണി പൂർത്തിയായി. ആദ്യത്തെ വിദ്യാർത്ഥി ഇ.അബ്ദുൾ അസീസ് ആണ്.

ശിവഗിരി ഹൈസ്ക്കൂൾ ആയപ്പോൾ ശ്രീ.കോമത്ത് കുഞ്ഞുകൃഷ്ണൻ ബി.എ. പ്രഥമാധ്യാപകനായി നിയമിതനായി. തുടർന്ന് നടരാജഗുരുവും അതിനുശേഷം ആർ.ശങ്കറും ഇവിടുത്തെ പ്രഥമാധ്യാപകരായി.

ജസ്റ്റീസ്.കെ.സദാശിവൻ, ശ്രീ.വർക്കല രാധാകൃഷ്ണൻ എം.പി. പ്രൊഫ.എൻ. കൃഷ്ണപിള്ള തുടങ്ങിയവർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളിൽ പ്രമുഖരാണ്. 1997 -ൽ ശിവഗിരി ഹൈസ്ക്കൂൾ ഒരു ഹയർസെക്കന്ററി സ്കൂളായി ഉയർത്തപ്പെട്ടു.

## സ്കൂൾ പ്രൊഫോർമ I (Academic Year 2025-2026)

### വിദ്യാർത്ഥികളുടെ അംഗസംഖ്യ

### വിദ്യാഭ്യാസ ഡയറക്ടറാഫീസ്, തിരുവനന്തപുരം

| റവന്യൂ ജില്ലയുടെ പേര് : Thiruvananthapuram | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | Sivagiri H S S Varkala |
| 2 | വിലാസം | SREENIVASAPURAM |
| 3 | ഫോൺ നമ്പർ | 04702603010 |
| 4 | ഇ-മെയിൽ വിലാസം | sivagirihss@gmail.com |
| 5 | സ്കൂൾ കോഡ് | 42053 |
| 6 | ആൺകുട്ടികൾ/<br>പെൺകുട്ടികൾ/<br>രണ്ടുംകൂടിയുള്ളത് | രണ്ടുംകൂടിയുള്ളത് |
| 7 | സർക്കാർ/ എയിഡഡ്/ അൺഎയിഡഡ് | Aided |
| 8 | ക്ലാസ് ( സ്റ്റാൻഡേർഡ്) | ആരംഭം: 5 അവസാനം: 12 |
| 9 | സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര * | General |
| 10 | വിദ്യാഭ്യാസ ഉപജില്ല | Varkala |
| 11 | വിദ്യാഭ്യാസ ജില്ല | Attingal |
| 12 | സ്കൂൾ സ്ഥാപിച്ച വർഷം | 1924 |
| 13 | അസംബ്ലി നിയോജകമണ്ഡലം | Varkala |
| 14 | പാർലമെന്റ് നിയോജകമണ്ഡലം | Attingal * |
| 15 | റൂറൽ/അർബൻ | Rural |
| 16 | ബ്ലോക്ക് | |
| 17 | താലൂക്ക് | Varkala |
| 18 | പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ | Varkala |

* വകുപ്പിന്റെ പേര് - പൊതു വിദ്യാഭ്യാസ വകുപ്പ് , ഫിഷറീസ് വകുപ്പ്, ട്രൈബൽ വകുപ്പ്, സാങ്കേതിക വകുപ്പ് മുതലായവ

(തുടരും)

2025-2026

[illegible] 2025

[illegible]

| STD | No of Divisions | [illegible] | | | [illegible] | | | [illegible] | | | [illegible] | | | *[illegible] | | | *[illegible] | | | [illegible] | | | [illegible] | | | [illegible] | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 5 | 5 | 76 | 72 | 148 | 20 | 19 | 39 | 0 | 0 | 0 | 26 | 29 | 55 | 0 | 0 | 0 | 28 | 17 | 45 | 2 | 7 | 9 | 19 | 29 | 48 | 57 | 43 | 100 |
| 6 | 5 | 54 | 91 | 145 | 9 | 24 | 33 | 0 | 0 | 0 | 25 | 36 | 61 | 0 | 0 | 0 | 16 | 29 | 45 | 4 | 2 | 6 | 20 | 34 | 54 | 34 | 57 | 91 |
| 7 | 4 | 86 | 53 | 139 | 26 | 14 | 40 | 0 | 0 | 0 | 26 | 23 | 49 | 1 | 0 | 1 | 27 | 11 | 38 | 6 | 5 | 11 | 26 | 17 | 43 | 60 | 36 | 96 |
| 8 | 6 | 107 | 96 | 203 | 25 | 23 | 48 | 0 | 0 | 0 | 44 | 40 | 84 | 1 | 0 | 1 | 33 | 24 | 57 | 4 | 9 | 13 | 46 | 39 | 85 | 61 | 57 | 118 |
| 9 | 4 | 78 | 90 | 168 | 9 | 30 | 39 | 0 | 0 | 0 | 37 | 38 | 75 | 1 | 3 | 4 | 27 | 15 | 42 | 4 | 4 | 8 | 44 | 44 | 88 | 34 | 46 | 80 |
| 10 | 4 | 79 | 86 | 165 | 22 | 27 | 49 | 0 | 0 | 0 | 25 | 31 | 56 | 1 | 0 | 1 | 25 | 23 | 48 | 6 | 5 | 11 | 39 | 26 | 65 | 40 | 60 | 100 |
| ആകെ | | 480 | 488 | 968 | 111 | 137 | 248 | 0 | 0 | 0 | 183 | 197 | 380 | 4 | 3 | 7 | 156 | 119 | 275 | 26 | 32 | 58 | 194 | 189 | 383 | 286 | 299 | 585 |

*മറ്റ് ന്യൂനപക്ഷ സമുദായങ്ങൾ :ക്രിസ്ത്യൻസ്, സിക്ക്, ബുദ്ധിസ്റ്റ്, സൊരാഷ്ട്രിയൻസ് (പാഴ്സി)

മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം

| സ്റ്റാൻഡേർഡ് | മലയാളം | | | ഇംഗ്ലീഷ് മീഡിയം | | | തമിഴ് | | | കന്നട | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 5 | 13 | 17 | 30 | 63 | 55 | 118 | 0 | 0 | 0 | 0 | 0 | 0 | 76 | 72 | 148 |
| 6 | 13 | 12 | 25 | 41 | 79 | 120 | 0 | 0 | 0 | 0 | 0 | 0 | 54 | 91 | 145 |
| 7 | 27 | 13 | 40 | 59 | 40 | 99 | 0 | 0 | 0 | 0 | 0 | 0 | 86 | 53 | 139 |
| 8 | 24 | 28 | 52 | 83 | 68 | 151 | 0 | 0 | 0 | 0 | 0 | 0 | 107 | 96 | 203 |
| 9 | 15 | 23 | 38 | 63 | 67 | 130 | 0 | 0 | 0 | 0 | 0 | 0 | 78 | 90 | 168 |
| 10 | 26 | 32 | 58 | 53 | 54 | 107 | 0 | 0 | 0 | 0 | 0 | 0 | 79 | 86 | 165 |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ആകെ | 118 | 125 | 243 | 362 | 363 | 725 | 0 | 0 | 0 | 0 | 0 | 0 | 480 | 488 | **968** |

| ഭാഷാടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്റ്റാൻഡേർഡ് | മലയാളം | | | സംസ്കൃതം | | | അറബി | | | ഉറുദു | | | ഗുജറാത്തി | | | തമിഴ് | | | കന്നഡ | | | അഡീ. ഹിന്ദി | | |
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 5 | 61 | 56 | 117 | 5 | 8 | 13 | 10 | 8 | 18 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 6 | 43 | 73 | 116 | 7 | 10 | 17 | 3 | 7 | 10 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 7 | 61 | 43 | 104 | 16 | 7 | 23 | 8 | 3 | 11 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 8 | 87 | 72 | 159 | 12 | 13 | 25 | 8 | 11 | 19 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 9 | 56 | 69 | 125 | 7 | 10 | 17 | 13 | 11 | 24 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 10 | 59 | 66 | 125 | 7 | 11 | 18 | 13 | 9 | 22 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 367 | 379 | 746 | 54 | 59 | 113 | 55 | 49 | 104 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

സ്ഥലം :

തിയതി :

ഹെഡ്മാസ്റ്ററുടെ ഒപ്പ്

Report Taken on June 11, 2025, 9:41 am

# വിദ്യാലയ വികസന സമിതി

| | | |
|---|---|---|
| മുഖ്യരക്ഷാധികാരികൾ | :: | എം.പി, എം.എൽ.എ. |
| രക്ഷാധികാരികൾ | :: | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്<br>ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്<br>നഗരസഭ ചെയർപേഴ്സൺ<br>ജില്ലാ പഞ്ചായത്ത് മെമ്പർ<br>ബ്ലോക്ക് പഞ്ചായത്ത് മെമ്പർ<br>ഗ്രാമപഞ്ചായത്ത് മെമ്പർ<br>ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്<br>സ്കൂൾ മാനേജർ (എയ്ഡഡ്) |
| ചെയർമാൻ | :: | ഗ്രാമപഞ്ചായത്ത് മെമ്പർ<br>മുനിസിപ്പൽ വാർഡ് മെമ്പർ<br>കോർപ്പറേഷൻ കൗൺസിലർ<br>ജില്ലാ പഞ്ചായത്ത് മെമ്പർ |
| വൈസ് ചെയർമാൻമാർ | :: | പി.ടി.എ. പ്രസിഡന്റ്/ പ്രതിനിധി<br>എസ്.എം.സി. ചെയർമാൻ/പ്രതിനിധി<br>എസ്.സി.എം.സി. ചെയർമാൻ/പ്രതിനിധി<br>എം.പി.ടി.എ. പ്രസിഡന്റ്/പ്രതിനിധി<br>പൂർവ്വവിദ്യാർത്ഥി സമിതി ചെയർമാൻ |
| കൺവീനർ | :: | പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ |
| ജോയിന്റ് കൺവീനർ | :: | ഹെഡ്മാസ്റ്റർ/പ്രതിനിധി<br>സീനിയർ അസിസ്റ്റന്റ്<br>എസ്.ആർ.ജി. കൺവീനർ |
| അംഗങ്ങൾ | :: | അധ്യാപകർ<br>സ്കൂൾ ലീഡർ<br>രക്ഷിതാക്കൾ<br>പൂർവ്വ വിദ്യാർത്ഥികൾ<br>രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ<br>വായനശാലാ പ്രതിനിധികൾ<br>സഹകരണസ്ഥാപന പ്രതിനിധികൾ<br>ധനകാര്യസ്ഥാപനങ്ങളുടെ പ്രതിനിധികൾ<br>സന്നദ്ധസംഘടനാ പ്രതിനിധികൾ<br>സാംസ്കാരിക സാമൂഹ്യവിദ്യാഭ്യാസ പ്രവർത്തകർ<br>കുടുംബശ്രീ പ്രവർത്തകർ<br>ചെറുകിട വ്യവസായ സംരംഭങ്ങളുടെ പ്രതിനിധികൾ<br>ഇതരസംഘടനാ, സ്ഥാപന പ്രതിനിധികൾ വ്യക്തികൾ |

# സമഗ്ര ഗുണമേന്മാ വിദ്യാലയ

# വികസന പരിപാടി പ്രോജക്ടുകൾ

## (യു.പി. തലം)

# അധ്യായം

1. മലയാളം
2. ഇംഗ്ലീഷ്
3. ഹിന്ദി
4. സോഷ്യൽ സയൻസ്
5. സയൻസ്
6. ഗണിതം
7. സംസ്കൃതം
8. അറബ്
9. കായിക വിദ്യാഭ്യാസം

10 കലാ പഠനം

# അക്കാദമിക മാസ്റ്റർപ്ലാൻ യു.പി.

## മലയാളം

മേഖല : അക്കാദമികം

ഉപമേഖല : ഭാഷാപഠനം

**പ്രശ്നങ്ങൾ**

- കുട്ടികൾക്ക് ഭാഷാപരമായ പിന്നോക്കാവസ്ഥയുണ്ട്.
- ചെറിയൊരു വിഭാഗം കുട്ടികൾക്ക് എഴുത്തിലും വായനയിലും പിന്നോക്കാവസ്ഥയുണ്ട്.
- വായനാശീലം തീരെ കുറവായ അവസ്ഥ.

**ലക്ഷ്യങ്ങൾ**

- പഠിതാവിന്റെ അർഥപൂർണമായ വായനയും ലേഖനവും ഉറപ്പ് വരുത്തുന്നു.
- ഭാഷയുടെ അടിസ്ഥാനശേഷി വികസനം, ആശയസംവേദനം, ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക.
- കുട്ടികളുടെ റേഡിയോ എഫ്.എം. അവതരണ മികവ്.

**പ്രവർത്തനം 1**

- കുട്ടിക്ക് ഒരു ഡയറി

ഓരോ കുട്ടിയും അവന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട (സന്തോഷകരവും വിഷമകരവും) ആയ കാര്യങ്ങൾ ഡയറിയായി എഴുതുന്നു. ഒരു പുസ്തകം എന്റെ ഡയറി എന്ന രീതിയിൽ വർഷം മുഴുവൻ എഴുതി തയ്യാറാക്കുന്നു. ഇടയ്ക്കിടയ്ക്ക് അധ്യാപകന്റെ വിലയിരുത്തലും ഉണ്ടാകുന്നു.

കാലം : വർഷം മുഴുവൻ

ചുമതല : മലയാളം അധ്യാപകർ

**പ്രവർത്തനം 2**

- വാക്യങ്ങളിൽ നിന്ന് ഖണ്ഡികകളിലേക്ക് നീളുന്ന എഴുത്ത്

പിന്നോക്കാവസ്ഥ നേരിടുന്ന ചുരുക്കം ചില കുട്ടികൾക്ക് വായനയുടെയും ചിത്രകാർഡുകളും ഉപയോഗപ്പെടുത്തി വായനയുടെയും എഴുത്തിന്റെയും ലോകത്ത് എത്തിക്കാൻ – വ്യവഹാരരൂപങ്ങളുടെ എഴുത്ത്.

കാലം : ജൂലൈ മുതൽ ജനുവരി വരെ (വൈകുന്നേരം 3.45 മുതൽ 4.30 വരെ)

ചുമതല : മലയാളം അധ്യാപകർ

**പ്രവർത്തനം 3**

- ശിവഗിരി എച്ച്. എസ്. റേഡിയോ

ആഴ്ചയിലെ വാർത്തകൾ, പായാരം, നുറുങ്ങുവെട്ടം, വാക്കുംപൊരുളും, കഥയോല, കവിതച്ചെപ്പ് തുടങ്ങിയ പരിപാടികൾ ഉൾപ്പെടുത്തി എല്ലാ ആഴ്ചയിലും ശനിയാഴ്ചകളിൽ 2 മണിക്ക് ശിവഗിരി എച്ച്. എസ്.റേഡിയോ.

കാലം : ആഴ്ചയിൽ ഒന്നു വീതം വർഷം മുഴുവൻ

ചുമതല : റേഡിയോ ക്ലബ്ബ്

**പ്രവർത്തനം 4**

പഠനയാത്ര

കാലം : വർഷത്തിൽ 1

ചുമതല : മലയാളം അധ്യാപകർ

**പ്രവർത്തനം 5**

- ഗുണമേന്മാ വിദ്യാഭ്യാസ പരിപാടികൾ

ഗുണമേന്മാപരിപാടിയിൽ ഉൾപ്പെട്ട ഏഴ് വിഷയങ്ങളും പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി വർഷം മുഴുവൻ നീളുന്ന പ്രവർത്തനങ്ങൾ (5,6,7 ക്ലാസ്സുകളിലെ പാഠഭാഗങ്ങൾ) തുടർന്നും നടത്തും.

കാലം : ജൂലൈ മുതൽ ഫെബ്രുവരി വരെ

ചുമതല : മലയാളം അധ്യാപകർ

# ENGLISH (UP)

**മേഖല :** അക്കാദമികം
**ഉപമേഖല :** ഭാഷാപഠനം (ഇംഗ്ലീഷ്)

**പ്രശ്നങ്ങൾ :**

- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള ശേഷിയില്ല.
- ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്നതിനുള്ള സഭാകമ്പം, ഇംഗ്ലീഷിൽ ആശയവിനിമയശേഷി കുറവ്.
- ഇംഗ്ലീഷ് സർഗാത്മക ശേഷിയില്ലായ്മ

## ലക്ഷ്യങ്ങൾ :

- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് എഴുതാനും, വായിക്കാനുമുള്ള ശേഷി വളർത്തുക.
- സഭാകമ്പമില്ലാതെ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള ശേഷി വികസിപ്പിക്കുക.
- ഇംഗ്ലീഷ് ഭാഷയിലുള്ള സർഗാത്മക ശേഷി വികസിപ്പിക്കുക.
- ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയ ശേഷി വളർത്തുക.

## പ്രവർത്തനങ്ങൾ :

1. പഠനനിലവാരം കണ്ടെത്തൽ
- പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു

2. പ്രത്യേകം ക്ലാസ് - EEL (ഈസി ഇംഗ്ലീഷ് ലേർണിംഗ്)
- വൈകുന്നേരങ്ങളിൽ പ്രത്യേകം ക്ലാസ് എടുത്ത് പിന്നോക്കം നിൽക്കുന്നവരെ മുഖ്യധാരയിൽ എത്തിക്കുന്നു. ചെറിയ വാക്കുകളും ചിത്രങ്ങളുമുള്ള പുസ്തകങ്ങൾ കുട്ടികൾക്ക് കൊടുത്ത് ചിത്ര സഹായത്തോടെ വായന.
- കാർഡുകളിൽ അക്ഷരങ്ങൾ എഴുതി പുതിയ വാക്കുകൾ അതിൽ നിന്നും രൂപപ്പെടുത്തുക.

3. Dr. Fix it

ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുമ്പോൾ കുട്ടികളിൽ ഉണ്ടാകുന്ന തെറ്റുകൾ അധ്യാപികയുടെ മേൽനോട്ടത്തിൽ സമപ്രായക്കാരുടെ ഇടയിൽ ചർച്ച ചെയ്ത തെറ്റുകൾ കണ്ടെത്തുവാനും തിരുത്തുവാനുമുള്ള അവസരം.

4. English Cafe (ഇംഗ്ലീഷ് കോർണർ)

ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് വേണ്ടിയുള്ള വേദി

5. "Writer of the month" programme

ഏതെങ്കിലും ഒരു എഴുത്തുകാരനെ തിരഞ്ഞെടുത്ത ശേഷം ആ എഴുത്തുകാരന്റെ കൃതി കുട്ടികൾ ലൈബ്രറിയിൽ നിന്നും കണ്ടെത്തി വായിച്ചതിനു ശേഷം അതിന്റെ ഒരു റൈറ്റ് അപ്പ് (നിരൂപണം) അഥവാ ആസ്വാദനക്കുറിപ്പ് എഴുതി ഇംഗ്ലീഷ് അധ്യാപകനെ ഏൽപ്പിക്കുക. മികച്ചത് കണ്ടെത്തി ഇംഗ്ലീഷ് ക്ലബ് മാഗസിനിൽ ഉൾപ്പെടുത്തുക.

6. E 4 U (ഇംഗ്ലീഷ് ഫോർ യു)

പുതിയ വാക്കുകൾ പരിചയപ്പെടുത്തൽ, വ്യാകരണ പരിപോഷണം.

എല്ലാ ആഴ്ചകളിലും ഒരു പുതിയ വാക്കും അത് ഉപയോഗിച്ച് കൊണ്ടുള്ള ഒരു വാചകവും വരാന്തയിലുള്ള വൈറ്റ് ബോർഡിൽ പ്രദർശിപ്പിക്കുന്നു.

കാലം : ദീർഘകാലം
ചുമതല : ഇംഗ്ലീഷ് അധ്യാപിക/ അധ്യാപകൻ
സാമ്പത്തികം : ഇംഗ്ലീഷ് കഫേ – 2000

## പ്രവർത്തനങ്ങൾ :

7. Euphoria (പഠനയാത്ര)
   വിദ്യാർത്ഥികൾക്ക് പുതിയ കാഴ്ചകൾ കാണാനും, വൈവിധ്യമാർന്ന അനുഭവങ്ങൾ കൈവരിക്കുവാനും കഴിയുന്നു.

കാലം : നവംബർ
ചുമതല : ഇംഗ്ലീഷ് അധ്യാപിക/ അധ്യാപകൻ
സാമ്പത്തികം : പി ടി എ , അധ്യാപകർ

## പ്രവർത്തനങ്ങൾ :

- ഇംഗ്ലീഷ് FM (ആഴ്ചയിൽ ഒന്ന്)
- ഇംഗ്ലീഷ് സിനിമ പ്രദർശനം
- ഇംഗ്ലീഷ് മാഗസിൻ

കുട്ടികളുടെ സൃഷ്ട്ടികൾ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള മാഗസിൻ.

- ഇംഗ്ലീഷ് അസംബ്ലി (മാസത്തിൽ ഒരു ദിവസം)
- ഇംഗ്ലീഷ് ഫോർ എ ഡേ

അധ്യാപകരും കുട്ടികളും ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയം നടത്തുന്നു.

കാലം : ഓഗസ്റ്റ് - ഡിസംബർ
ചുമതല : ഇംഗ്ലീഷ് അധ്യാപിക/ അധ്യാപകൻ
സാമ്പത്തികം : ഇംഗ്ലീഷ് മാഗസിൻ (1500)

## പ്രവർത്തനങ്ങൾ:

8. ഇംഗ്ലീഷ് ഭാഷാ -സാഹിത്യ എക്സിബിഷൻ (English Carnival)
   കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയിലുള്ള കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരം.

കാലം : സെപ്റ്റംബർ
ചുമതല : ഇംഗ്ലീഷ് അധ്യാപിക/ അധ്യാപകൻ, സീനിയർ അസിസ്റ്റന്റ്
സാമ്പത്തികം : പി.ടി.എ, അധ്യാപകർ (1500)

# മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) 5,6,7 **ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) **ഹിന്ദി വായന:** തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) **ഹിന്ദി സംസാരം:** ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്............<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>**Readery fight** മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

## അധ്യായം 4

<u>സാമൂഹ്യ ശാസ്ത്രം</u>

മേഖല : അക്കാദമികം

ഉപമേഖല : സാമൂഹ്യശാസ്ത്ര പഠനം

പ്രശ്നങ്ങൾ :

I. സാമൂഹ്യശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികൾ അതിന്റെ പൂർണ്ണതയിൽ എത്താത്ത അവസ്ഥ.

II. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുന്നില്ല.

III. സാമൂഹ്യശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളുണ്ട്.

IV. സാമൂഹ്യചിന്ത, സാമൂഹ്യബോധം, സാമൂഹ്യ വിശകലനശേഷി അന്വേഷണചിന്ത ഇവ എല്ലാ കുട്ടികളിലും കാണാത്ത അവസ്ഥ.

V. സാമൂഹ്യശാസ്ത്രത്തിൽ ഐ.ടി.യുടെ സാധ്യത കൂടുതലായി പ്രയോജനപ്പെടുത്തേണ്ട അവസ്ഥ.

VI. CWSN കുട്ടികളെ വേർധാരയിൽ എത്തിക്കാൻ കൂടുതൽ പ്രവർത്തനങ്ങൾ വേണ്ട അവസ്ഥ.

ലക്ഷ്യങ്ങൾ :

1. പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കുക. ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക.
2. ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം മൂല്യബോധം ഇവ വളർത്തുക.
3. സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക.
4. മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക.
5. ഭൂപട വായന കുട്ടികളിൽ വളർത്തുക. സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക.
6. കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക.

7. വ്യത്യസ്ത ഇനം മണ്ണിനെകുറിച്ചും ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം.

പ്രവർത്തനങ്ങൾ :

**I. ഉല്ലസിച്ച് പഠിക്കാം**

i) ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.

ii) വയൽ കിളികൾ : സാമൂഹ്യ ശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു

കാലം : അക്കാദമിക വർഷം മുഴുവനായി നടത്തുന്നു നിശ്ചയിച്ച തീയതികളിൽ

ചുമതല : സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ

സാമ്പത്തികം :

**II. ജനാധിപത്യത്തിന്റെ കൈവഴികളിലൂടെ**

സ്കൂൾ പാർലമെന്റ്, മോക് പാർലമെന്റ്, പൗരബോധം സാമൂഹ്യബോധം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

കാലം : അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ

ചുമതല : സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ

സാമ്പത്തികം :

**III. സ്റ്റാർട്ട് അപ്പ്**

സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു.

കാലം : വർഷം മുഴുവനും

ചുമതല : സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ

സാമ്പത്തികം :

IV. **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ**

സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസ്സുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു.

കാലം : വർഷം മുഴുവനും

ചുമതല : സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ

സാമ്പത്തികം :

V. **പട്ടുപാതയിലൂടെ**

ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു.

കാലം : വർഷം മുഴുവനും

ചുമതല : സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ

സാമ്പത്തികം :

VI. **മൈ സിനിമ റൂം**

സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രോജക്ട് റൂം, etc. സിനിമ. (ചരിത്ര സിനിമ പ്രദർശനം)

കാലം : വർഷം മുഴുവനും

ചുമതല : സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ

സാമ്പത്തികം :

VII. **ചരിത്രകൊട്ടാരം**

വിവിധ മേഖലകളെകുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്രലാബുകളുടെ ക്രമീകരണം. കണ്ടും, കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു.

കാലം : അക്കാദമിക വർഷം

ചുമതല : സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ

സാമ്പത്തികം :

\/

## U.P വിഭാഗം

*സയൻസ്*

മേഖല: അക്കാദമികം

ഉപമേഖല: ശാസ്ത്ര പഠനം

*പ്രശ്നങ്ങൾ*

i. ശാസ്ത്ര പഠനത്തിലെ പിന്നോക്കാവസ്ഥ .
ii. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നതിലെ ശേഷിക്കുറവ് .
iii. പ്രകൃതി സൗഹൃദ മനോഭാവത്തിന്റെ അഭാവം.
iv. എല്ലാ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യാൻ കഴിയുന്നില്ല .
v. ശാസ്ത്രത്തിന്റെ പുതിയ മേഖലകളിൽ കുട്ടികൾക്ക് കഴിവ് കുറവുള്ള അവസ്ഥ .
vi. ശാസ്ത്ര നേട്ടങ്ങൾ സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്താത്ത അവസ്ഥ .

*ലക്ഷ്യങ്ങൾ*

- കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ .
- ശാസ്ത്രലാബ് നവീകരണം.
- ജൈവ വൈവിധ്യ പാർക്ക് , കൃഷി ത്തോട്ടം ഔഷധത്തോട്ടം എന്നിവയുടെ നിർമ്മാണം .
- ശാസ്ത്ര സാഹിത്യം
- നിത്യ ജീവിതത്തിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ.
- ശാസ്ത്ര വിസ്മയ ചുമർ
- ശാസ്ത്ര പോഷണം
- സ്കൂൾ തല ശാസ്ത്രമേള , ശാസ്ത്രശില്പശാലകൾ
- ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക.

*പ്രവർത്തനങ്ങൾ*

I)

i. എന്റെ കൃഷി തോട്ടം ( UP ക്ലാസ്സുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് അടുക്കള തോറ്റ നിർമ്മാണം .
ii. ശലഭ പാർക്ക് , ജൈവ വൈവിധ്യ പാർക്ക് നിർമിക്കുന്നു .

കാലം: അക്കാദമിക് വർഷം

ചുമതല : ശാസ്ത്ര അധ്യാപകൻ

സാമ്പത്തികം :

II)

i. ശാസ്ത്രവുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ
ii. ഉപകരണങ്ങൾ ക്രമീകരിക്കാൻ
iii. ശാസ്ത്രകിറ്റ് തയ്യാറാക്കൽ
iv. ശാസ്ത്ര മൂലയുടെ നവീകരണം

കാലം : ജൂൺ മുതൽ ജൂലൈ വരെ

ചുമതല :ശാസ്ത്ര അധ്യാപകർ

സാമ്പത്തികം :

III)

i. ബോധ വൽക്കരണ ക്ലാസുകൾ ദിനാഘോഷങ്ങൾ (ആരോഗ്യവും, വ്യക്തിശുചിത്യം എന്നി വിഷയങ്ങളെ ആസ്പദമാക്കി)
ii. വിമുക്തി (ലഹരി വിരുദ്ധ പദ്ധതി)

കാലം : ജൂൺ മുതൽ

ചുമതല : ശാസ്ത്ര അധ്യാപകർ

സാമ്പത്തികം :

IV)

i. ശാസ്ത്ര മാസികകൾ ,ശാസ്ത്ര പുസ്തകങ്ങൾ എന്നിവ ലൈബ്രറിയിൽ ഉൾപ്പെടുത്തുന്നതിനായി ലിസ്റ്റ് ചെയുന്നു , ശേഖരിക്കുന്നു .
ii. ശാസ്ത്രമാസിക , ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ .

കാലം : ജൂലൈ മുതൽ

ചുമതല : ശാസ്ത്ര അധ്യാപകർ

സാമ്പത്തികം

V)

പരീക്ഷണ കളരി

i. നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങൾ കണ്ടെത്തി അവതരിപ്പിക്കൽ.
ii. ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്തുള്ള പഠനം ,സർവ്വേ നിരീക്ഷണം.
iii. സെമിനാർ അവതരണം
iv. മോഡൽ നിർമ്മാണം

കാലം : അക്കാദമിക വർഷം

ചുമതല : ശാസ്ത്ര അധ്യാപകർ

സാമ്പത്തികം:

VI)

ശാസ്ത്ര പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട്ശാസ്ത്ര വിസ്മയ ചുമർ നിർമ്മിക്കുന്നു.

കാലം : അക്കാദമിക വർഷം

ചുമതല : ശാസ്ത്ര അധ്യാപകർ

സാമ്പത്തികം :

VII)

Recent Trends in Science Digital Exploration, science News എന്നിവ ക്ലബ് തരത്തിൽ അവതരിപ്പിക്കുന്നു .

ക്വിസ്സ് , സെമിനാർ

ബോധവൽക്കരണ ക്ലാസുകൾ

ഹെൽത്ത് ക്ലബ് , സയൻസ് ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട് പ്രോജക്റ്റുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കുന്നു.

കാലം : അക്കാദമിക വർഷം

ചുമതല : ശാസ്ത്ര അധ്യാപകർ

സാമ്പത്തികം :

XIII)

i. സ്കൂൾതല സയൻസ് എക്സിബിഷൻ സംഘടിക്കുന്നു ,
ii. ശാസ്ത്ര ഉപകരണങ്ങളുടെ നിർമ്മാണം, ഉപയോഗം , പ്രവർത്തന രീതി
iii. മേളകളിൽ പങ്കെടുക്കുന്നതിന് കുട്ടികൾക്ക് പ്രോത്സാഹനം നൽകൽ

കാലം : സെപ്റ്റംബർ

ചുമതല : ശാസ്ത്ര അധ്യാപകർ

സാമ്പത്തികം :

IX)

i. അഭിമുഖം

കർഷക വിദഗ്ദനുമായി അഭിമുഖം

കാലം : ഒക്ടോബർ

ചുമതല : ശാസ്ത്ര അധ്യാപകൻ

സാമ്പത്തികം :

X)

i. ഫീൽഡ് ട്രിപ്പ്

ബൊട്ടാണിക്കൽ ഗാർഡൻ

കാലം : ജനുവരി

ചുമതല : ശാസ്ത്ര അധ്യാപകൻ

സാമ്പത്തികം:

# UP MATHEMATICS
# ACADEMIC
# MASTER PLAN

# ഗണിതം

**മേഖല**: അക്കാദമികം

**ഉപമേഖല**: ഗണിതശാസ്ത്രം

**പ്രശ്നങ്ങൾ**: 1. ഗണിത പഠനത്തോടുള്ള താത്പര്യവും ആത്മവിശ്വാസവും ഇല്ലാത്ത അവസ്ഥ

2. ചതുഷ്ക്രിയകളെ കുറിച്ച് പരിമിതമായ അറിവ്

3. ഗണിത ലാബിലെ കുറവ്

4. പിന്നോക്കക്കാർക്ക് ചതുഷ്ക്രിയകൾ ചെയ്യാൻ ശേഷി കുറവുള്ള അവസ്ഥ

**ലക്ഷ്യങ്ങൾ: -**

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാം പഠിതാക്കൾക്ക് ഉറപ്പുവരുത്തുന്നു
- ഗണിതപഠന സുഗമമാക്കൽ
- ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ
- ഗണിത ക്ലബ്ബ് ഉദ്ഘാടനം
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ ഗണിത പഠനത്തിന് പ്രയോജനപ്പെടുത്തുന്നു
- ദിനാചരണം വിവിധ ശേഷികളുടെ വികസനം
- ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്താൻ
- ഗണിതം മത്സര വേദിയിലേക്ക് മേളയിൽ ഊർജ്ജസ്വലത കൈവരിക്കാനും
- ഗണിതലാബ്

**പ്രവർത്തനങ്ങൾ:**

1. ഫ്രീ ടെസ്റ്റ്, ചോദ്യാവലി, വർക്ഷീറ്റ്, പരിഹാരബോധനം.
   കാലം: ജൂൺ
   ചുമതല: ഗണിത അധ്യാപിക
   സാമ്പത്തികം: പിടിഎ
2. വിദ്യാലയത്തിലെ ഗണിതലാബ് സജ്ജമാക്കാൻ
   കാലം: ആവശ്യാനുസരണം
   ചുമതല: ഗണിത അദ്ധ്യാപിക
   സാമ്പത്തികം: ഗണിത ക്ലബ്, പിടിഎ
3. സെമിനാർ, ശില്പശാല
   കാലം: വർഷത്തിൽ രണ്ടുതവണ
   ചുമതല: ഗണിത അധ്യാപിക
   സാമ്പത്തികം: പിടിഎ
4. മാഗസിൻ, എക്സിബിഷൻ, ഫീൽഡ് ട്രിപ്പ്
   കാലം: വർഷത്തിലൊരിക്കൽ
   ചുമതല: ഗണിത അധ്യാപിക
   സാമ്പത്തികം: പിടിഎ
5. ഐ ടി സാധ്യതകളിലൂടെ ജാമിതീയരൂപങ്ങൾ, ചതുഷ്ക്രിയകൾ,ഗണിതാശയങ്ങൾ എന്നിവ കുട്ടികളിൽ എത്തിക്കുന്നു
   കാലം: മാസത്തിൽ ഒരു പ്രാവശ്യം
   ചുമതല: ഗണിത അധ്യാപിക
   സാമ്പത്തികം: പിടിഎ
6. ഗണിത ദിനവുമായി ബന്ധപ്പെടുത്തി ഗണിത അസംബ്ലി നടത്തുന്നു
   കാലം: ഡിസംബർ
   ചുമതല: ഗണിത അധ്യാപിക
   സാമ്പത്തികം: പിടിഎ
7. ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു
   കാലം: ഒരു പ്രാവശ്യം
   ചുമതല: അധ്യാപകർ
   സാമ്പത്തികം: പിടിഎ
8. ഗണിത ക്ലബ്ബിൻ്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ
   കാലം: അധ്യാന വർഷം
   ചുമതലാ: ക്ലബ്ബ് സെക്രട്ടറി അധ്യാപകർ
   സാമ്പത്തികം: പിടിഎ
9. ശിൽപ്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ
   ചുമതല: ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ
   സാമ്പത്തികം: പിടിഎ

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## PROJECT (SANSKRIT)

- **സംസ്കൃതം ലൈബ്രറി**
  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**
  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**
  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**
  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**
  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**
  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷൾക്കുള്ള പ്രത്യേകപരിശീലനം**
  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**
  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

## അദ്ധ്യായം 8

## മാസ്റ്റർ പ്ലാൻ UP

## ശിവഗിരി എച്ച്. എസ്.എസ്. വർക്കല

വിഷയം : ഭാഷ (അറബിക്)

മേഖല : അക്കാദമികം

ഉപമേഖല : അറബിക് ഭാഷാ പഠനം

പ്രശ്നങ്ങൾ :

- പദ സമ്പത്തിന്റെ കുറവ്.
- ഭാഷാപരമായ പിന്നോക്കാവസ്ഥ.
- പിന്നോക്കക്കാരിൽ വ്യവഹാര രൂപങ്ങൾ തയ്യാറാക്കുന്നതിനുള്ള ശേഷിക്കുറവ്
- കലാമത്സരങ്ങളിൽ കുട്ടികൾ മികവ് കാട്ടാതിരിക്കൽ
- വായനാശീലം ഇല്ലാത്ത അവസ്ഥ.
- പഠനത്തിൽ താല്പര്യമില്ലായ്മ.

ലക്ഷ്യങ്ങൾ :

- വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കാൻ സാഹചര്യവും ക്ലാസ്സ് റൂമുകളിൽ ഒരുക്കുക.
- കരിക്കുലം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാപഠനനേട്ടത്തിലൂടെ ഉറപ്പു വരുത്തുക.
- പിന്നോക്കക്കാരെ ഉൾപ്പെടുത്തി കളികളിലൂടെ രസകരമായ പഠനം ഉറപ്പാക്കുക.
- കലാമത്സരങ്ങളിലും സർഗാത്മക രചനകളിലും കുട്ടികളെ മികവിലേക്ക് എത്തിക്കൽ.

പ്രവർത്തനങ്ങൾ :

I. അറബിക് ഫറാഷ (പൂമ്പാറ്റ)

(യു.പി.വിഭാഗം കുട്ടികളെ തിരഞ്ഞെടുത്ത ഗ്രൂപ്പ് ഉണ്ടാക്കൽ)

II. യു.പി. കുട്ടികളിൽ ശേഷികളുടെ വളർച്ച ഉറപ്പാക്കൽ

